4. ബാഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എഫ്.ആർ.എൽ.എച്ച്.റ്റി. എന്ന സംഘടനയുടെ സഹായത്തോടെ 'ഔഷധ സസ്യസംരക്ഷണ മേഖല' രൂപീകരിച്ച് പ്രത്യേക സംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ട്.

5. അനധികൃതമായി സസ്യജാലങ്ങൾ ശേഖരിക്കുന്ന ആൾക്കാർക്കെതിരെ വനനിയമം വന്യജീവി സംരക്ഷണ നിയമം എന്നിവ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

6. തമിഴ്നാട്ടിലെ വനംവകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടു സംയുക്ത പരിശോധന നടത്തുന്നുണ്ട്.

7. ആദിവാസികളുടെ സഹായത്തോടെ ജീവജാലങ്ങളെയും അവയുടെ ആവാസ വ്യവസ്ഥയേയും സംരക്ഷിക്കുന്നതിന് 'ഇക്കോ ഡെവലപ്മെന്റ് പദ്ധതി' നടപ്പാക്കാനുള്ള നടപടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

8. അഗസ്ത്യമലയിൽ എത്തുന്ന തീർത്ഥാടകരെയും സന്ദർശകരെയും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാത്രമായി നിജപ്പെടുത്തുന്നവർക്ക് വന സംരക്ഷണം ജൈവ വൈവിദ്ധ്യസംരക്ഷണം എന്നിവയെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

9. ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന 'കേരള ഫോറസ്ട്രി പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഈ പ്രദേശങ്ങളുടെ ആവാസ വ്യവസ്ഥ പ്രത്യേകമായി പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കി വരുന്നുണ്ട്.

വ്യാവസായികാവശ്യത്തിനായി നൽകുന്ന വന വിഭവങ്ങൾ

74(189) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പു വനവിഭവങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്കാണ് നൽകുന്നത്;

(ബി) ഓരോ വ്യവസായ സ്ഥാപനങ്ങൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയിട്ടുള്ള വനവിഭവങ്ങളുടെ അളവും അതിന് ഈടാക്കിയ തുകയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഈ വനവിഭവങ്ങളുടെ മാർക്കറ്റ് വില എത്രയായിരുന്നെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് വെള്ളൂർ, മെ.ഗ്രാസിം ഇൻഡസ്ട്രീസ്, മാവൂർ എന്നീ കമ്പനികൾക്ക് വനവിഭവങ്ങൾ നൽകിയിരുന്നു. ഇതിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് കമ്പനിയ്ക്ക് ഇപ്പഴും വന വിഭവങ്ങൾ നൽകുന്നുണ്ട്. മെ.ഗ്രാസീം ഇൻഡസ്ട്രീസും സർക്കാരുമായുള്ള കരാർ 31.8.99-ൽ അവസാനിച്ചതിനാൽ ഇപ്പോൾ കമ്പനിയ്ക്ക് വനവിഭവങ്ങൾ നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) മെ. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, മെ. ഗ്രാസീം ഇൻഡസ്ട്രീസ് എന്നീ വ്യവസായ സ്ഥാപനങ്ങൾക്ക് നൽകുന്ന വനവിഭവങ്ങളുടെയുക്കാലിപ്റ്റസ്, മുള, ഈറ്റ എന്നിവ ഡിപ്പാർട്ട്മെന്റ് ഓപ്പൺ മാർക്കറ്റിൽ വിൽക്കാറില്ല.

കേരളാ ഫോറസ്ട്രി പ്രോജക്ട്

75(1898)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി 31.12.99 വരെ എന്ത് തുക ചെലവാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ശമ്പളം, വാഹനങ്ങൾ, ടെലിഫോൺ എന്നീ ഇനങ്ങളിൽ എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(സി) കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെയും ദിവസക്കൂലിക്കാരായി ജോലി ചെയ്യുന്നവരുടെയും തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം ആകെ ചെലവിൽ ട്രീറ്റുമെന്റ് ഏരിയായിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത തുകയിൽ എന്ത് തുക 'ഗള്ളി പ്ലഗ്ഗിംഗിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്;

(എഫ്) 'ഗള്ളി ഫ്ളഗ്ഗിംഗ്' ജോലികളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ;

(ജി) ട്രീറ്റുമെന്റ് ഏരിയയായി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നൈഫ് റീഡിംഗ് നടത്തിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ ഏപ്രിൽ-മേയ് മാസങ്ങളിൽ 'മൺവെട്ടി വീഡിംഗ്' നടത്തേണ്ട ആവശ്യമുണ്ടോ;

(ഐ) ഫ്രെബ്രുവരി-മാർച്ച് മാസങ്ങളിൽ ലൈഫ് വീഡിംഗ് നടത്തിയ സ്ഥലങ്ങളിൽ ഏപ്രിൽ മേയ് മാസങ്ങളിൽ മൺവെട്ടി വീഡിംഗ് നടത്തിയിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ ഇതിന്റെ ഭാഗമായി ചെലവഴിച്ച അധികതുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി 31.12.1999 വരെ 2004.78 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സ്ഥിരം ജീവനക്കാർ

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ - 1

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

117.	മാരാപാണ്ഡ്യൻ	26/11/1997
118.	അബ്രഹാം	15/01/1998
119.	പ്രതി ആരാണെന്നറിവായിട്ടില്ല	10/02/1998
120.	ജോഗി	24/02/1998
121.	പ്രതി ആരാണെന്നറിവായിട്ടില്ല	26/02/1998
122.	പ്രതി ആരാണെന്നറിവായിട്ടില്ല	20/03/1998
123.	ഹുസൈൻ	27/03/1998
124.	ഷിനോജ് ദേവസ്യ	10/04/1998
125.	അയ്യപ്പൻകുട്ടി	22/04/1998
126.	ചന്ദ്രൻ	01/05/1998
127.	രാജൻ	26/05/1998
128.	ജോയി	26/05/1998
129.	പ്രതി ആരാണെന്നറിവായിട്ടില്ല	26/05/1998
130.	പ്രതി ആരാണെന്നറിവായിട്ടില്ല	13/06/1998
131.	അലവിക്കുട്ടി	28/08/1998
132.	ബേബി	24/09/1998
133.	ജേക്കബ്	19/04/1999
134.	പ്രതി ആരാണെന്നറിവായിട്ടില്ല	15/06/1999
135.	തങ്കച്ചൻ	17/06/1999
136.	ലക്ഷ്മണൻ	24/06/1999
137.	തോമസ്	02/07/1999
138.	ചന്ദ്രൻ	15/09/1999
139.	സുബ്രഹ്മണ്യൻ	27/10/1999
140.	കുന്തസ്വാമി	30/10/1999
141.	ജോസഫ്	26/11/1999
142.	പത്മനാഭൻ	03/12/1999
143.	വർഗ്ഗീസ്	29/12/1999
144.	കുളിയൻ	04/01/2000
145.	എബ്രഹാം	05/01/2000

അനുബന്ധം X

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 74 (1897)-ാം നമ്പർ ചോദ്യം ദയവായി കാണുക

മെ. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് വെള്ളൂർ

വർഷം	വനവിഭവം		വില/മെട്രിക്ടൺ
1996-97	പൾപ്പ് വുഡ്	- 76730 മെ.ടൺ	രൂ. 397 + മറ്റ് നികുതികൾ
	ഈറ്റ	- 135850 മെ.ടൺ	122 + മറ്റ് നികുതികൾ
	മുള	- ഇല്ല	
1997-98	പൾപ്പ്വുഡ്	- 192175 മെ.ടൺ	417 + മറ്റ് നികുതികൾ
	ഈറ്റ	- 176000 മെ.ടൺ	128 + മറ്റ് നികുതികൾ
	മുള	- 15050 മെ.ടൺ	715 + മറ്റ് നികുതികൾ
1999-99	പൾപ്പ്വുഡ്	- 134475 മെ.ടൺ	438 + മറ്റ് നികുതികൾ
	ഈറ്റ	- 134050 മെ.ടൺ	134 + മറ്റ് നികുതികൾ
	മുള	- 28861 മെ.ടൺ	775 + മറ്റ് നികുതികൾ

LIBRARY ARCHIVES Kerala Legislative Assembly

1990-2000	പൾപ്പ്വുഡ്	- 92739 മെ.ടൺ	438 + മറ്റ് നികുതികൾ
	ഈറ്റ	- 84428 മെ.ടൺ	134 + മറ്റ് നികുതികൾ
	മുള	- 2886 മെ.ടൺ	875 + മറ്റ് നികുതികൾ

II. മെ. ഗ്രാസീം ഇൻഡസ്ട്രീസ് മാവൂർ

വർഷം	വനവിഭവങ്ങൾ	വില/മെട്രിക് ടൺ
1996-97	പൾപ്പു വുഡ് + മുള = 150000	പൾപ്പുവുഡ് - 387 + മറ്റ് നികുതികൾ മുള - 396 + മറ്റ് നികുതികൾ
1997-98	പൾപ്പു വുഡ് + മുള = 150000	പൾപ്പ്വുഡ് - 417 + മറ്റ് നികുതികൾ മുള - 406 + മറ്റ് നികുതികൾ
1998-99	പൾപ്പു വുഡ് + മുള = 110000	പൾപ്പു വുഡ് 438 + മറ്റ് നികുതികൾ മുള - 426 + മറ്റ് നികുതികൾ

അനുബന്ധം XI

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 180 (1903)-ാം നമ്പർ ചോദ്യം ദയവായി കാണുക

ഡിവിഷന്റെ പേര്	അനുവദിച്ച തുക				
	1994-95	1995-96	1996-97	1997-98	1998-99
മൂന്നാർ	2.00	0.15	-	-	23.91
കോട്ടയം	1.00	-	-	-	39.01
കോതമംഗലം	1.00	0.15	-	-	17.84
മാങ്കുളം	-	-	-	-	8.58
നോർത്ത് വയനാട്	3.50	3.50	0.50	2.00	19.00
പാലക്കാട്	4.00	3.97	0.75	1.00	18.24
നെന്മാറ	1.50	2.49	0.50	0.50	28.82
മണ്ണാർക്കാട്	0.50	1.04	0.75	2.00	39.91
അച്ചൻകോവിൽ	-	1.25	3.00	1.60	19.34
റാന്നി	-	1.25	2.00	1.40	29.67
വാഴച്ചാൽ	-	-	0.80	-	10.29
തൃശൂർ	-	-	0.20	0.50	18.86
തിരുവനന്തപുരം	-	-	-	1.00	10.62
കണ്ണൂർ	-	-	-	3.50	74.65
കോഴിക്കോട്	-	-	-	-	19.24
സൗത്ത് വയനാട്	-	-	-	-	18.66
കോന്നി	-	-	-	-	30.28
തെന്മല	-	-	-	-	29.30
മലയാറ്റൂർ	-	-	-	-	26.38
ചാലക്കുടി	-	-	-	-	10.60
നിലമ്പൂർ നോർത്ത്	-	-	-	-	8.36
നിലമ്പൂർ സൗത്ത്	-	-	-	-	15.78
തിരുവനന്തപുരം സോ.ഫോ. ഡിവിഷൻ	41.38	54.54	55.68	69.26	112.52
കൊല്ലം	48.35	102.56	85.17	117.34	134.15
പത്തനംതിട്ട	42.40	83.70	76.72	79.14	160.47
ഇടുക്കി	60.84	92.59	73.49	182.38	205.03
കോട്ടയം	22.50	29.29	26.69	22.03	50.82
ആലപ്പുഴ	-	33.56	18.44	27.95	36.55
എറണാകുളം	11.00	27.57	19.41	45.69	128.02
തൃശൂർ	29.00	55.54	44.56	45.76	103.89

LIBRARY ARCHIVES Kerala Legislative Assembly